**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2024 ഡിസംബർ 5 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിരുന്നോ; എങ്കിൽ നിരക്ക് വർദ്ധനവിന്റെ വിശദാംശം നൽകുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024 -ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട് . വൈദ്യുതി ചാർജ്ജിൽ 2024-25-ൽ 2.39% വർദ്ധനവും, 2025-26-ൽ 1.75% വർദ്ധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത് . 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. |
| (ബി) | വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ് . കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 -ലെ ചട്ടം 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത് . സഞ്ചിത കമ്മി , വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായ വർദ്ധനവ് എന്നിവ മൂലം വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമായി തീർന്നു.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ് . പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത് . പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | 2012- ൽ 24%, 2013- ൽ 9.1%, 2014-ൽ 6.7%, 2017- ൽ 4.77%, 2019-ൽ 7.32%. 2022-ൽ 6.58%, 2023-ൽ 3.20% എന്നിങ്ങനെയായിരുന്നു വർദ്ധനവ് . എന്നിരുന്നാലും ഈ താരിഫ് പരിഷകരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 28.06.2024-ലെ ട്രൂ അപ്പ് ഉത്തരവ് പ്രകാരം (2022-23) 01.04.2023 വരെയുള്ള സഞ്ചിത റവന്യൂ കമ്മി 6408.37 കോടി രൂപയും, 2023-24 -ലെ ട്രൂ അപ്പ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടി രൂപയും കൂടിച്ചേരുമ്പോൾ 31.03.2024-ലെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും.<br><br>2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ് . ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ ദോഷകരമായി ബാധിക്കും.<br><br>കൂടാതെ നിലവിലെ കൺട്രോൾ പീരീയിഡ് കാലയളവിൽ (2022–2027) വിവിധ കാരണങ്ങളാൽ വർദ്ധിച്ചുവരുന്ന പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ ഇവ വർദ്ധിച്ചുവരുന്നു. അതിനാലാണ് അവശ്യം വേണ്ട നിയമാനുസൃതമായ ചിലവുകൾ നിറവേറ്റുന്നതിനും, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടി താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കെ.എസ് .ഇ .ബി .എൽ നിർബന്ധിതമായത് .<br><br>ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്താണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്. |
| (സി) | വൈദ്യുതി ബോർഡിനെ സ്വയംപര്യാപ്തമാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ചാർജ് വർദ്ധനവ് പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം-2003ലെ വ്യവസ്ഥകൾ അനുസരിച്ചും, ദേശീയ താരിഫ് നയം- 2016, റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ- 2021 പ്രകാരവുമാണ് താരിഫ് നിർണ്ണയിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ നിലവിലുള്ള കൺട്രോൾ പിരിയിഡിലേക്ക് റവന്യൂ ഗ്യാപ്പ് നിർണയിച്ചെങ്കിലും സമയാസമയങ്ങളിൽ റവന്യൂ ഗ്യാപ്പ് പൂർണമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. 2022-23 വരെ |

| | | | | |
|---|---|---|---|---|
| | | | | ഇപ്രകാരം നികത്തപ്പെടാത്ത റവന്യൂ കമ്മി 6408.37 കോടി രൂപയും 2023-24 ലെ ട്രൂ അപ്പ് പെറ്റീഷൻ പ്രകാരമുള്ള കമ്മി 1323.95 കോടി രൂപയും കൂടി ചേരുമ്പോൾ 31.03.2024 വരെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും. കൂടാതെ സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം 36,000 കോടി രൂപയോളം വരും. ഈയൊരു സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ യഥാസമയം നടത്തി മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് കുറഞ്ഞൊരളവിലെങ്കിലും താരിഫ് പരിഷ്കരണമില്ലാതെ കഴിയുകയില്ല. കൂടാതെ വൈദ്യുതി വാങ്ങൽ, പ്രവർത്തന പരിപാലന ചെലവുകൾ മുതലായ അവശ്യം നടത്തപ്പെടേണ്ട ചെലവുകൾക്ക് പോലും ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അനുവദിച്ച് തന്ന നാമമാത്രമായ വർദ്ധനവ് ഒഴിവാക്കാൻ സാധിക്കുകയില്ല. അതേസമയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സ്വയം പര്യാപ്തമാക്കാനുള്ള നടപടികളുമായി ബോർഡ് മുന്നോട്ട് പോകുകയാണ്. വൈദ്യുതി വാങ്ങൽ ചെലവിലുള്ള നിയന്ത്രണം, പ്രവർത്തന പരിപാലന ചെലവിലുള്ള മിതത്വം, പലിശ ചെലവിനങ്ങളിലുള്ള പക്വമായ ഇടപെടലുകൾ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നിവ സ്വയം പര്യാപ്തതയിലേക്കുള്ള ശക്തമായ ചുവടു വയ്പ്പുകളാണ്. കൂടാതെ collection efficiency മെച്ചപ്പെടുത്താനുള്ള നടപടികൾ, കുടിശ്ശിക നിവാരണം, കൂടുതൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോല്പാദനം എന്നീ മേഖലകളിൽ സ്വീകരിക്കുന്ന നടപടികൾ ബോർഡിനെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ